**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1804** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>സർവ്വകലാശാലകളിലെ ഗവേഷണ പഠനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. റോജി എം. ജോൺ
ഡോ. മാത്യു കുഴൽനാടൻ

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നതവിദ്യാഭ്യാസ മേഖലയുടെ പദ്ധതി അടങ്കൽ ഗണ്യമായി ഉയർത്തും എന്ന വാഗ്ദാനം പാലിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഉന്നതവിദ്യാഭ്യാസ മേഖലയുടെ പദ്ധതി അടങ്കൽ ഗണ്യമായി ഉയർത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതൽ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| **സാമ്പത്തിക വർഷം** | **സംസ്ഥാന വിഹിതം പദ്ധതി (വിഹിതം ലക്ഷത്തിൽ )** |
|---|---|
| 2022-23 | 45,267 |
| 2023-24 | 48,793 |
| 2024-25 | 45,671 |
| 2025-26 | 51,721 |
| 2025-27 | 55,646 |

**(ബി)** സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ പഠനങ്ങൾ അടുത്ത് മനസ്സിലാക്കാനും പ്രധാന വിദേശ ഭാഷകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ ചെയ്യുന്നതിന് വിദ്യാർത്ഥികളെ സജ്ജമാക്കുവാനും സർവ്വകലാശാലകളിൽ സംവിധാനം ഒരുക്കാൻ നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സർവ്വകലാശാലകളിൽ നടന്നുവരുന്ന ഗവേഷണ പഠനങ്ങളെ അടുത്തറിയുന്നതിനും, ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗവേഷണ ഫലങ്ങളെ പ്രായോഗിക തലത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി വിവിധ സർവകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ഗവേഷണവുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ അവബോധിപ്പിക്കുന്നതിനായി ഗവേഷകർക്കും മാർഗ്ഗനിർദ്ദേശകർക്കുമായി സർവകലാശാലാ തലത്തിൽ ഓറിയന്റേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെയും

പൊതുജനങ്ങളുടെയും നവീന ആശയങ്ങൾ വികസിപ്പിച്ച് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണം സർവകലാശാലകൾ പ്രയോജനപ്പെടുത്തുന്നു.

വിദേശ ഭാഷകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ ചെയ്യുന്നതിന് വിദ്യാർത്ഥികളെ സജ്ജമാക്കുന്നതിനായി വിദേശ ഭാഷകളുടെ പഠനം, ഗവേഷണം, സാംസ്കാരിക പഠനം എന്നിവയ്ക്കുള്ള ഇന്റർ യൂണിവേഴ്സിറ്റി കേന്ദ്രങ്ങൾ സർവകലാശാലാ തലത്തിൽ ആരംഭിച്ചിട്ടുണ്ട്. വിവിധ വിദേശ സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും ധാരണാപത്രങ്ങൾ ഒപ്പുവെച്ചും ഇന്റേൺഷിപ്പ് സൗകര്യമൊരുക്കിയും, അന്താരാഷ്ട്ര ഫെല്ലോഷിപ്പുകൾക്കും സ്കോളർഷിപ്പുകൾക്കും അപേക്ഷ നൽകുന്നതിനുള്ള സൗകര്യമൊരുക്കി പ്രോത്സാഹനം നൽകിയും അന്താരാഷ്ട്ര റാങ്കിംഗുകളിൽ മികച്ച സ്ഥാനങ്ങളിലുള്ള വിദേശ സർവകലാശാലകളുമായി സഹകരിച്ച് Dual Degree, Twinning Programme-കൾ ആരംഭിച്ചു, അന്താരാഷ്ട്ര തലത്തിൽ വിവിധ മേഖലകളിൽ നടക്കുന്ന ഗവേഷണങ്ങളും പഠനങ്ങളും അടുത്ത് മനസ്സിലാക്കാൻ സർവകലാശാലാ തലത്തിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സവിശേഷ പ്രശ്നങ്ങളിലൂന്നിയ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിന് "മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ" പ്രോഗ്രാം നടപ്പിലാക്കി. പ്രസ്തുത ഗവേഷണങ്ങളുടെ ഫലങ്ങൾ പൊതുവിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(സി)** കേരളത്തിലെ സർവ്വകലാശാലകൾക്ക് വിദേശ സർവ്വകലാശാലകളിലെ ഗവേഷണ കേന്ദ്രങ്ങളുമായുള്ള സമ്പർക്കവും അക്കാദമിക് സഹകരണങ്ങളും പ്രോത്സാഹിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** **കേരള സർവകലാശാല**യുമായി ബന്ധപ്പെട്ട് വിദേശ സർവകലാശാലകളുമായി അക്കാദമിക് സഹകരണം നേടുന്നതിനായി UK, USA, കാനഡ, റഷ്യ, പോളണ്ട്, അയർലന്റ്, പോർട്ടുഗൽ, സ്പെയിൻ, സൈപ്രസ് തുടങ്ങിയ രാജ്യങ്ങളിലെ സർവകലാശാലയുമായി MoUs / Agreement – ൽ ഏർപ്പെട്ടിട്ടുണ്ട്.

**മഹാത്മാഗാന്ധി സർവ്വകലാശാല** താഴെ പറയുന്ന വിദേശ സർവ്വകലാശാലകളുമായി അക്കാദമിക സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പ് വച്ചിട്ടുണ്ട്:-

1. Taylor's University, Malaysia, University of Toulouse Jean Jaures. France

2. Walter Sisulu University, Mthatha, Eastern Cape Province, South Africa

3. Nam Can Tho University. The Socialist Republic of Vietnam

4. Institute of Physics Belgrade (IPB), Serbia

5. Ghent University, Belgium

6. Radboud University, The Netherlands

7. M.Auezov South Kazkhstan University, South Kazkhstan

8. Jimma University. Ethiopia

9. Coppin State University, USA

10. James Cook University. Australia

11. Adelphi University College of Education and Health Sciences, USA

12. Hasan Kalayoncu University, Turkey

**കാലിക്കറ്റ് സർവകലാശാല**യ്ക്ക് കീഴിലുള്ള റഷ്യൻ ഡിപ്പാർട്ട്മെന്റിൽ റഷ്യൻ ഭാഷ കൂടാതെ ഡിപ്പാർട്ട്മെന്റ് നടത്തുന്ന ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളിലുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുക വഴി വിദേശ സർവകലാശാലകളിലെ ഗവേഷണ കേന്ദ്രങ്ങളുമായുള്ള സമ്പർക്കവും അക്കാഡമിക് സഹകരണവും പ്രോത്സാഹിപ്പിയ്ക്കാൻ സാധിച്ചിട്ടുണ്ട്.

**കുസാറ്റ് സർവ്വകലാശാല**യിൽ അക്കാദമികവും ഗവേഷണപരവുമായി നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കുസാറ്റ് നാൽപതിലധികം വിദേശ സർവ്വകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവെച്ചിട്ടുണ്ട്. റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗ്ഗ് ഇലക്ട്രോ ടെക്നികൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് കൊച്ചി സർവ്വകലാശാല 2024-25 അദ്ധ്യയന വർഷത്തിൽ ഡ്യുവൽ മാസ്റ്റേഴ്സ് ഇൻ സയൻസ് (എം.എസ്) ന്യൂ ജനറേഷൻ ഓഫ് ഇലക്ട്രോണിക് കംപോണന്റ് ബേസ് എന്ന പ്രോഗ്രാം ആരംഭിച്ചു. ജെയിംസ് കുക്ക് സർവ്വകലാശാല, ഓസ്ട്രേലിയയുമായി സഹകരിച്ച് കൊച്ചി സർവ്വകലാശാല അന്താരാഷ്ട്ര ഡ്യുവൽ മാസ്റ്റേഴ്സ് പ്രോഗ്രാം ഇൻ മാനേജ്മെന്റ് (IDMPM) ആരംഭിച്ചു.

University of Gotherburg, Sweden ആയുള്ള കരാറിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കായി Twinning Programme നടന്നു വരികയും ആയതിന്റെ ഭാഗമായി വിദ്യാർത്ഥികൾ വിദേശത്ത് പഠനം നടത്താനുള്ള അവസരങ്ങൾ ഒരുങ്ങുകയും ചെയ്യുന്നുണ്ട്.

**കണ്ണൂർ സർവകലാശാല** അക്കാദമിക ഗവേഷണ രംഗങ്ങളിലെ സഹകരണത്തിനായി താഴെ പറയുന്ന വിദേശസർവകലാശാലകൾ/സ്ഥാപനങ്ങൾ എന്നിവയുമായി ധാരണാപത്രങ്ങൾ/കരാറുകൾ ഒപ്പിട്ടിട്ടുണ്ട്.

Oregon State University College of Forestry. United States of America.

Atlantic Technological University, ATU Sligo, Ireland.

Modeling for Human and Nature Interactions Group, University of Geneva, Switzerland.

Universidad Autonoma De Nuevo Leon, Mexico.

Maldives National University (MNU), Maldives.

University of West London, RAK Branch Campus, UAE.

**സംസ്കൃത സർവ്വകലാശാല** താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1) വിദേശവിദ്യാർത്ഥികളുടെ പ്രവേശനം, വിദ്യാർത്ഥി-അധ്യാപക കൈമാറ്റം (Student/ Staff Exchange), സംയുക്ത അക്കാദമിക ഗവേഷണ പരിപാടികൾ എന്നിവ നടപ്പാക്കുന്നതിനായി "Academic Collaborations between SSUS and Foreign Higher Educational Institutions" റെഗുലേഷൻ സർവ്വകലാശാലയിൽ നടപ്പിലാക്കുകയും തുടർപ്രവർത്തങ്ങൾ ഏകോപിപ്പിക്കുന്നതിനായി Office of International Affairs (OIA) സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

2) യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർത്ഥി കൈമാറ്റത്തിനായുള്ള പ്രധാന സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിന്റെ ഭാഗമായി Central European University (CEU) യുമായി സർവ്വകലാശാല Inter-Institutional Agreement ഒപ്പുവെച്ചിട്ടുണ്ട്.

3) അന്താരാഷ്ട്ര അക്കാദമിക് സഹകരണ രംഗത്തെ ഒരു സുപ്രധാന നേട്ടമായി, സംസ്കൃത സർവ്വകലാശാല, ഗ്രോണിൻഗെൻ സർവ്വകലാശാല (നെതർലാൻഡ്സ്), ജാഗിയല്ലോണിയൻ സർവ്വകലാശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെട്ട കൺസോർഷ്യം സമർപ്പിച്ച Erasmus Mundus Joint Master (EMJM) പ്രോഗ്രാമിനുള്ള പ്രൊപോസലിന് യൂറോപ്യൻ യൂണിയന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**